**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2466** **15-10-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ മിനി വ്യവസായ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ? | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച രണ്ട് ഏക്കർ സ്ഥലത്ത് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. സ്ഥലമെടുപ്പിന് ഭരണാനുമതി ലഭിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നതിനായി LARR ആക്ട് 2013 പ്രകാരം 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് മുമ്പ് നഷ്ടപരിഹാര തുക ഇനത്തിൽ 38,42,126/- രൂപ സംഘം അടയ്ക്കേണ്ടതുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുത്തുകൊണ്ട് 19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് 06.04.2024 ലെ ജി.ഒ(പി) നം 108/2024/ആർ.ഡി ഉത്തരവ് പ്രകാരം ദീർഘിപ്പിച്ച 6 മാസ കാലാവധി 09.10.2024 ന് അവസാനിച്ചതിനെ തുടർന്ന് ആയത് 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി ജില്ലാ കളക്ടർക്ക് സംഘം കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ